(ബി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭൂഗർഭ ജലചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും)ആക്ട് നിലവിലുണ്ട്. ഇതിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ കേരള സംസ്ഥാന ഭൂജല അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ വ്യവസ്ഥയനുസരിച്ച് കേരള സംസ്ഥാന ഭൂജല അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിലെ വ്യവസ്ഥ പ്രകാരം സംസ്ഥാനത്ത് ഭൂജലത്തിന്റെ അധിക ചൂഷണംമൂലം ഭൂജല വിതാനം താഴ്ന്ന പ്രദേശങ്ങളെ വിജ്ഞാപനം ചെയ്യാനും അവിടങ്ങളിൽ ഭൂജല ഉപയോഗം നിയന്ത്രിക്കാനും കഴിയുന്നു.

കൂടാതെ പ്രസ്തുത ആക്ട് പ്രകാരം ഭൂജല ഉപഭോക്താക്കളുടെ രജിസ്ട്രേഷൻ, പൊതു കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം, ഭൂജലത്തിന്റെ മലിനീകരണം തടയൽ എന്നിവയും ചെയ്തുവരുന്നു.

(ഡി) ബാധകമല്ല.

മലപ്പുറം ജില്ലയിൽ ഭൂഗർഭജല വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ

182 (4468) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2014-15 വർഷത്തിൽ ഭൂഗർഭജല വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ വിശദീകരിക്കാമോ ; ഓരോന്നിനും ചെലവഴിച്ച തുകയും വെളിപ്പെടുത്താമോ ;

(ബി) മഴവെള്ള റീചാർജ്ജ് വർക്കുകൾ എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ മണ്ഡലം തിരിച്ചുള്ള പ്രസ്തുത പ്രവൃത്തിയുടെ കണക്കുകൾ വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ 2014-15 വർഷത്തിൽ ഭൂജല വകുപ്പ് നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി)2014-15-ൽ മലപ്പുറം ജില്ലയിൽ മൂന്ന് കൃത്രിമ ജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പദ്ധതിയുടെ പേര്	അസംബ്ലി മണ്ഡലം	ചെലവഴിച്ച തുക (രൂപ)
1	ഗവ. ഹൈസ്കൂൾ, വെട്ടത്തൂർ	പെരിന്തൽമണ്ണ (വെട്ടത്തൂർ പഞ്ചായത്ത്)	1,03,400/
2	ഗവ. ഹയർ സെക്കൻഡറി സ്കൂൾ, വെട്ടത്തൂർ	പെരിന്തൽമണ്ണ (വെട്ടത്തൂർ പഞ്ചായത്ത്)	85,800/
3	ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ഉഗ്രപുരം	ഏറനാട് (അരിക്കോട് പഞ്ചായത്ത്)	97,900/
	ആകെ		2,87,100

കഴൽ കിണർ കഴിക്കുന്നതിനുള്ള സ്വകാര്യ റിഗ്ഗുകൾ

183 (4469) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എത്ര സ്വകാര്യ കഴൽക്കിണർ കുഴിക്കുന്നതിനുള്ള റിഗ്ഗുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ റിഗ്ഗുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഫലമായി എത്ര സ്വകാര്യ റിഗ്ഗുകളാണ് നിശ്ചിത ഫീസൊടുക്കി രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.